LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി വീണാ ജോർജ്ജ്: സർ, ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിന്റെ സാരാംശവും സർക്കാർ ഉത്തരവിലുള്ളതും തമ്മിൽ വൈരുദ്ധ്യമില്ല. അതാണ് നല്ലതെന്നുള്ള പൊതുസമീപനമാണ് പറഞ്ഞിട്ടുള്ളത്. ....(ബഹളം).... അതിന്മേലുള്ള പ്രായോഗിക നിർദ്ദേശമാണ് ഈ ഉത്തരവിലുള്ളത്. ....(ബഹളം).....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി സ്റ്റേറ്റ്മെന്റ് തിരുത്തണം. ....(ബഹളം).....

ശ്രീമതി വീണാ ജോർജ്ജ്: സർ, ...(ബഹളം).... വ്യത്യാസമില്ല.

ക്വിംഗ്

മി. സ്പീക്കർ: നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാതിരിക്കുന്ന അവസ്ഥ സംബന്ധിച്ച് വ്യക്തമായ ഉദാഹരണ സഹിതമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇക്കാര്യം സംബന്ധിച്ച ഗവൺമെന്റ് നിലപാട് അറിയിക്കുകയും നിലവിലെ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ വിശദീകരിക്കുകയുമുണ്ടായി.

2021 ജൂലൈ മാസം 27-ാം തീയതി ചേർന്ന പതിനഞ്ചാം കേരള നിയമസഭയിലെ കക്ഷിനേതാക്കളുടെ യോഗം ചോദ്യങ്ങളുടെ മറുപടി യഥാസമയം ലഭ്യമാകുന്നതിൽ വരുന്ന കാലതാമസമുൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തിരുന്നെങ്കിലും കൂടുതൽ ചർച്ചയ്ക്കും തീരുമാനങ്ങൾക്കുമായി ഇക്കാര്യം മാറ്റിവയ്ക്കുകയാണ് ചെയ്തത്.

'ഇ'-നിയമസഭ പദ്ധതി പൂർത്തീകരിക്കപ്പെടുന്നതോടുകൂടി നമ്മുടെ നിയമസഭാ നടപടിക്രമങ്ങളിൽ കുറേയേറെ പരിഷ്കാരങ്ങൾ ആവശ്യമായിത്തീരുന്നതാണ്. അതുസംബന്ധിച്ച് കാര്യങ്ങളും ഇപ്പോൾ ഇവിടെ പ്രത്യേകമായി ഉന്നയിക്കപ്പെട്ട കാര്യങ്ങളും വിശദമായി പരിശോധിച്ച് വ്യക്തമായ ശിപാർശകൾ നൽകുന്നതിലേയ്ക്കായി പന്ത്രണ്ടാം കേരള നിയമസഭയിൽ, ഇപ്പോഴത്തെ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി സഭാദ്ധ്യക്ഷനായിരുന്ന വേളയിൽ രൂപീകരിച്ചതുപോലെ, ഒരു അഡ്ഹോക്ക് സമിതി രൂപീകരിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണെന്നാണ് ചെയറിന്റെ അഭിപ്രായം. അതുവഴി നാം ഇപ്പോൾ നേരിടുന്ന സമാന സ്വഭാവമുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയുമെന്നും ചെയർ പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ ഉടൻതന്നെ യുക്തമായ ഒരു തീരുമാനം കൈക്കൊള്ളാനാവുമെന്നാണ് ചെയർ പ്രതീക്ഷിക്കുന്നത്.

ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി കാര്യങ്ങൾ വിശദമാക്കിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് ബഹുമാനപ്പെട്ട അംഗങ്ങളും ഉന്നയിച്ച ക്രമപ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യം പറയാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: ക്രമപ്രശ്നം തീർപ്പാക്കിയതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങയുടെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യില്ല. അത് അന്തിമമാണ്. കഴിഞ്ഞ ഒരുമാസമായി ഞങ്ങൾ മാത്രമല്ല നിരന്തരമായി കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും ആവശ്യപ്പെട്ടതനുസരിച്ച് ഗവൺമെന്റിന് കാര്യങ്ങൾ ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് കടകളും സ്ഥാപനങ്ങളും തുറക്കാനുള്ള തീരുമാനമെടുത്തത്. ഒരുവശത്ത് കടകളും സ്ഥാപനങ്ങളും തുറക്കാൻ തീരുമാനമെടുക്കുകയും മറുവശത്ത് സർക്കാർ ജനങ്ങളോട് പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായി ഒരു ചീഫ് സെക്രട്ടറി തുറക്കാൻ തീരുമാനിച്ചിരിക്കുന്ന കടകളുടെ വാതിലുകൾ അടയ്ക്കുകയും ചെയ്യുന്ന നിയന്ത്രണങ്ങളാണ് ഈ പുതിയ ഗവൺമെന്റ് ഓർഡറിൽ വന്നിരിക്കുന്നത്. ഒരു വശത്ത് സർക്കാർ തുറക്കാൻ തീരുമാനിക്കുകയും മറുവശത്ത് ഉദ്യോഗസ്ഥ മേധാവി അത് അടയ്ക്കാൻ തീരുമാനിക്കുകയും ചെയ്യുന്ന വിചിത്രമായ കാര്യമാണ് ഈ ഉത്തരവിലൂടെ പുറത്തുവന്നിരിക്കുന്നത്. ഗവൺമെന്റ് അത് തിരുത്താൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ചട്ടം 300 അനുസരിച്ച് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി നടത്തിയ പ്രസ്താവനയ്ക്ക് വിരുദ്ധമായി ചീഫ് സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവ് തിരുത്താൻ സർക്കാർ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോയി)

IX. ധനകാര്യം

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ

LIBRARY ARCHIVES Kerala Legislative Assembly